## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1807

31-01-2018 ൽ മറുപടിയ്ക്ക്

# വിഴിഞ്ഞം തുറമുഖപദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം.വിൻസെന്റ് :<br>ശ്രീ. വി.എസ്.ശിവകുമാർ :<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ. വി.ഡി.സതീശൻ : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കന്യാകുമാരി ജില്ലയിലെ ഇനയത്ത് നടപ്പിലാക്കുവാനിരുന്ന തുറമുഖ പദ്ധതി കന്യാകുമാരിക്ക് സമീപമുള്ള കീഴ്മണക്കുടി ദേശത്തേക്ക് മാറ്റി സ്ഥാപിക്കുവാൻ തീരുമാനിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) പ്രസ്തുത പദ്ധതി വിഴിഞ്ഞം തുറമുഖ പദ്ധതിയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;<br><br>(സി) ഉണ്ടെങ്കിൽ, ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഉത്കണ്ഠ കേന്ദ്രസർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; അതിന്മേലുള്ള കേന്ദ്രസർക്കാരിന്റെ പ്രതികരണം എന്തായിരുന്നുവെന്ന് അറിയിക്കുമോ ? | (എ), (ബി) & (സി) | ഉണ്ട്. നേരത്തെ തുറമുഖം നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത് കുളച്ചലിലാണ്. പിന്നീട് ഇനയത്ത് നടപ്പിലാക്കാനായിരുന്നു തീരുമാനം. ഇപ്പോൾ ഇത് വീണ്ടും തെക്കോട്ടുമാറി കന്യാകുമാരിക്ക് സമീപമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് മനസ്സിലാക്കുന്നു. മറ്റു വിശദാംശങ്ങൾ ഒന്നും ലഭ്യമല്ല. ടി പ്രോജക്ട് വിഴിഞ്ഞം തുറമുഖത്തെ ബാധിക്കാനിടയുണ്ടെന്ന ആശങ്ക സംസ്ഥാനം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ